# GOVERNMENT OF KERALA

## Abstract

Disaster Management Department- Appointment of M/s Telecommunications Consultants India Ltd (TCIL) as Technical Consultant to undertake the Alternate State Emergency Operations Centre (ASEOC) project on a turnkey basis as a Single Vendor Solution Provider- Sanction accorded-Orders issued.

## DISASTER MANAGEMENT (A)DEPARTMENT

G.O.(Ms)No.8/2026/DMD Dated,Thiruvananthapuram, 06-03-2026

Read 1 G.O. (Rt) No. 411/2024/DMD dated 24.05.2024
2 G.O. (Rt) No. 588/2024/DMD dated 08.08.2024
3 G.O. (Rt) No. 497/2021/DMD dated 03.07.2021
4 Letter dated 25.02.2025 from Chief General Manager, M/s TCIL
5 Letter No. MS SDMA&HEAD SEOC/1248/2020/SEOC-KSDMA dated 03.03.2025
6. Letter No. MS SDMA&HEAD SEOC/1248/2020/SEOC-KSDMA dated 17.09.2025

## ORDER

As per the Government Order read as 1 st paper above, Administrative Sanction was accorded for an estimated cost of ₹29,64,61,089/- from the SDRF Capacity Building Window, HoA-2245-02-101-94-01-Flood Other Items, for the construction work of Alternate State Emergency Operation Centre in the North Block of Government Secretariat, Thiruvananthapuram. As per the Government Order read as 2nd paper above technical sanction was accorded for the IT components of ASEOC for an amount of ₹19,20,37,705/-.

2. As per letter read as 4 th paper above, M/s TCIL have expressed

interest to undertake the ASEOC project on a turnkey basis as a single vendor solution provider, including the selection of the agency and its micro management until the completion of the project. Member Secretary, KSDMA as per letter read as 5th and 6th paper above has reported that M/s TCIL is a Mini Ratna company of Government of India and they were selected as PMC for the NCRMP- II on a nomination basis based on the advice of NDMA. The current proposal of ASEOC is an extension of the facilities in the Fusion Centre of KSEOC.

3. Government have examined the matter in detail and are pleased to accord sanction for appointing M/s TCIL as the Technical Consultant on a turnkey basis for undertaking the ASEOC project as a single vendor solution provider, including the selection of the agency and micro-management of the project until its completion.

4. TCIL shall submit the project proposal/ estimate for the approval of the Technical and Purchase Committee constituted as per Government Order read as 3rd paper above.

5. The Secretary, General Administration Department, shall be authorized to execute the MoU between Government of Kerala and TCIL.

(By order of the Governor)
M G RAJAMANICKAM
SECRETARY

To:
The Secretary, General Administration Department.
The Principal Accountant General (Audit), Kerala
The Accountant General (A&E), Kerala
The Chief General Manager, M/s Telecommunications Consultants India Limited (TCIL), TCIL Bhawan,, Greater Kailash - 1, New Delhi - 110048 ( With covering letter)
The Commissioner, Disaster Management.
The Chief Engineer, PWD (Buildings).
The Chief Engineer, PWD (Electrical).
The Chief Technical Examiner, Finance Department.

The Member Secretary, Kerala State Disaster Management Authority
General Administration(SC)Department(Item No...... )
The Information officer, Web & New Media, I&PRD
Stock File / Office Copy

Forwarded /By order

Signed by Vincent U
Date: 06-03-2026 17:28:23
Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-03-2026**

ഫയൽ നം. ഡിഎം.എ1/60/2020/ഡി.എം.ഡി. ഇനം നം: 3781

വിഷയം : ദുരന്തനിവാരണ വകുപ്പ് - ആൾട്ടർനേറ്റ് സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ (എ.എസ്.ഇ.ഒ.സി.) പദ്ധതി ടേൺകീ അടിസ്ഥാനത്തിൽ സിംഗിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡറായി ഏറ്റെടുക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടന്റായി M/s. Telecommunications Consultants India Ltd. (TCIL)-നെ ഏർപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്.

3781

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 1/60/2020-ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | ആൾട്ടർനേറ്റ് സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ (എ.എസ്.ഇ.ഒ.സി) പദ്ധതി ടേൺകീ അടിസ്ഥാനത്തിൽ സിംഗിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡറായി ഏറ്റെടുക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടന്റായി M/s Telecommunications Consultants India Ltd (TCIL) നെ ഏർപ്പെടുത്തുന്നത് സംബ |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 04/02/2026 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ബിന്ദു സി. വർഗ്ഗീസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.02.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭയോഗത്തിനായുള്ള കുറിപ്പ്

ആൾട്ടർനേറ്റ് സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ (എ.എസ്.ഇ.ഒ.സി) പദ്ധതി ടേൺകീ അടിസ്ഥാനത്തിൽ സിംഗിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡറായി ഏറ്റെടുക്കുന്നതിന് ടെക്നിക്കൽ കൺസൽട്ടന്റായി M/s TCIL നെ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശവുമായി ബന്ധപ്പെട്ടതാണ് ഈ ഫയൽ.

2.സർക്കാർ സെക്രട്ടേറിയറ്റിൽ ഒരു ആൾട്ടർനേറ്റ് സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ (ASEOC) സ്ഥാപിക്കാനുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം, ചീഫ് സെക്രട്ടറി അധ്യക്ഷനായ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (KSDMA) സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി (SEC) സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിൽ പൊതുഭരണ വകുപ്പ് അനുവദിച്ച സ്ഥലത്ത് ASEOC സ്ഥാപിക്കാൻ തീരുമാനിച്ചു. ടെക്നിക്കൽ ആൻഡ് പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ (SDRF) Preparedness and Capacity Building വിൻഡോയിൽ നിന്ന് ഇതിനായി ധനസഹായം അനുവദിക്കാനും തീരുമാനിച്ചു. 03/07/2021 തീയതിയിലെ സ.ഉ(സാധാ) നം.497/2021/DMD ഉത്തരവ് പ്രകാരം പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള ടെക്നിക്കൽ ആൻഡ് പർച്ചേസ് കമ്മിറ്റി രൂപീകരിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടം വഹിക്കാനുള്ള ചുമതല ഈ സമിതിയ്ക്കാണ്. ഈ പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾ പൊതുമരാമത്ത് വകുപ്പും ഇലക്ട്രോണിക്സ് ഘടകങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ ചീഫ് എഞ്ചിനീയർ സിവിൽ, ഇലക്ട്രിക്കൽ ജോലികളുടെ എസ്റ്റിമേറ്റ് (6,48,00,000/- രൂപ) സമർപ്പിക്കുകയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഐടി (ഇലക്ട്രോണിക്സ്) ഘടകങ്ങളുടെ എസ്റ്റിമേറ്റ് (23,16,61,089/- രൂപ) സമർപ്പിക്കുകയുമുണ്ടായി. ആകെ എസ്റ്റിമേറ്റ് 29,64,61,089/- രൂപ (ഇരുപത്തിയൊൻപത് കോടി അറുപത്തിനാല് ലക്ഷത്തി അറുപത്തിഒന്നായിരത്തി എൺപത്തിയൊൻപത് രൂപ മാത്രം). 24.05.2024 തീയതിയിലെ സ.ഉ(സാധാ)നം.411/2024/ഡിഎംഡി ഉത്തരവ് പ്രകാരം SDRF-ന്റെ Capacity Building Window (HoA-2245-02-101-94-01-Flood Other Items) -ൽ നിന്നും ₹29,64,61,089/- രൂപയുള്ള ഭരണാനുമതി അനുവദിച്ചു. 13.06.2024 ന് നടന്ന ടെക്നിക്കൽ ആൻഡ് പർച്ചേസ് കമ്മിറ്റിയുടെ യോഗത്തിലെ ശുപാർശയുടെയും 18.06.2024 ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ

നടന്ന സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗത്തിലെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ, 08.08.2024 ലെ സ.ഉ(സാധാ) നം.588/2024/ഡിഎംഡി പ്രകാരം എ.എസ്.ഇ.ഒ.സിയുടെ ഐടി ഘടകങ്ങൾക്ക് 19,20,37,705/- രൂപയുടെ സാങ്കേതിക അനുമതി നൽകി. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം, ലേല സമയത്ത് ലേലക്കാർ ഇന്ത്യൻ രൂപയിൽ മാത്രമേ ക്വട്ടേഷൻ നടത്താവൂ, നിരക്കിന് 6 മാസത്തെ സാധുത ഉണ്ടായിരിക്കും. ഇ-ടെൻഡർ പ്ലാറ്റ്ഫോമിൽ ടെൻഡർ അവതരിപ്പിക്കുന്നതിന് കെഎസ്ഡിഎംഎ മെമ്പർ സെക്രട്ടറിക്ക് അനുമതിയും നൽകി.

3. 02.11.2024 ലെ കത്ത് പ്രകാരം, സെക്രട്ടേറിയറ്റിൽ ASEOC സ്ഥാപിക്കുന്നതിന് M/s TCIL നെ സാങ്കേതിക കൺസൾട്ടന്റായി നിയമിക്കുന്നതിനുള്ള അനുമതിക്കായി കെഎസ്ഡിഎംഎ മെമ്പർ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. ASEOC പദ്ധതി ഒരു സിംഗിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡർ എന്ന നിലയിൽ ടേൺകീ അടിസ്ഥാനത്തിൽ ഏറ്റെടുക്കാൻ M/s TCIL താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് KSDMA മെമ്പർ സെക്രട്ടറി അറിയിച്ചു. പദ്ധതി പൂർത്തിയാകുന്നതുവരെ ഏജൻസിയുടെ തിരഞ്ഞെടുപ്പും അതിന്റെ മൈക്രോ മാനേജ്മെന്റും ഇതിൽ ഉൾപ്പെടുന്നു, ഇത് സംസ്ഥാന സർക്കാരിന്റെ ഭാരം ഗണ്യമായി കുറയ്ക്കും. പദ്ധതിയുടെ വ്യാപ്തി താരതമ്യേന പരിമിതമായതിനാൽ, PMC സേവനങ്ങൾ മാത്രം നൽകാൻ താല്പര്യമില്ലായെന്ന് M/s TCIL അറിയിച്ചതായും അതിനാൽ, ഒരു സിംഗിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡർ എന്ന നിലയിൽ ASEOC പദ്ധതി ടേൺകീ അടിസ്ഥാനത്തിൽ ഏറ്റെടുക്കാൻ M/s TCIL-നെ അനുവദിക്കണമെന്നും മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. M/S TCIL ഇന്ത്യാ ഗവൺമെന്റിന്റെ ഒരു മിനിരത്ന കമ്പനി ആയതിനാൽ NDMA-യുടെ ഉപദേശപ്രകാരം നോമിനേഷൻ അടിസ്ഥാനത്തിൽ NCRMP II നടപ്പിലാക്കുന്നതിനായി അവരെ PMC ആയി തിരഞ്ഞെടുത്തിരുന്നുവെന്നും KSEOC-യുടെ ഫ്യൂഷൻ സെന്ററിലെ സൗകര്യങ്ങളുടെ എക്സ്റ്റൻഷൻ ആയി ASEOC-യുടെ നിലവിലെ പ്രപ്പോസൽ നടപ്പിലാക്കുന്നതിനാലാണ് ടെൻഡർ നടപടികൾ ഇല്ലാതെ M/s TCIL-നെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരെഞ്ഞെടുത്തതെന്നും ദുരന്തനിവാരണ കമ്മിഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. 26/04/2025 ന് നടന്ന എസ്ഇസി യോഗത്തിൽ മെമ്പർ സെക്രട്ടറിയുടെ അഭ്യർത്ഥന സമർപ്പിക്കുകയുണ്ടായി. പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി മെസ്സേഴ്സ് ടിസിഐഎല്ലിനെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിക്കാനും സിംഗിൾ വെണ്ടർ സർവീസ് പ്രൊവൈഡർ എന്ന

നിലയിൽ ടേൺകീ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതില്ലായെന്നും യോഗത്തിൽ തീരുമാനിച്ചു.

5. ടി വിഷയം ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിനായി സമർപ്പിച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ കാണും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

**"It is observed that TCIL (Telecommunications Consultants India Ltd) is an engineering and consultancy company with Mini Ratna Category I status, fully owned by Govt of India. Therefore the proposal for engaging M/s TCIL to undertake the ASEOC project on a turnkey basis as a single vendor solution provider, including the selection of the agency and its micromanagement until the completion of the project may be considered on the condition that the project shall be implemented strictly as per prevailing Govt of India/ Govt of Kerala norms and subject to the approval of Council of Ministers"**

6.ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം ASEOC പദ്ധതി ടേൺകീ അടിസ്ഥാനത്തിൽ സിംഗിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡറായി ഏറ്റെടുക്കുന്നതിന് M/s TCIL-നെ നിയോഗിക്കുന്നതിനുള്ള നിർദ്ദേശത്തെക്കുറിച്ചുള്ള ഉത്തരവുകൾക്കായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി. 26.04.2025 ന് ചേർന്ന എസ്.ഇ.സി യോഗം ടെലിക്കമ്മ്യൂണിക്കേഷൻസ് ഇന്ത്യ ലിമിറ്റഡിനെ പ്രോജക്ട് കൺസൾട്ടന്റായി നിയമിക്കുന്നതിനും സിംഗിൽ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡർ എന്ന നിലയിൽ ടേൺകീ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതില്ലെന്നുമാണ് തീരുമാനിച്ചിരുന്നത്. എന്നാൽ എസ്.ഇ.സി യോഗ തീരുമാനത്തിന് വിരുദ്ധമാണ് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം. ടെലിക്കമ്മ്യൂണിക്കേഷൻസ് ഇന്ത്യ ലിമിറ്റഡിനെ ടേൺ കീ അടിസ്ഥാനത്തിൽ സിംഗിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡറായി നിയമിക്കുമ്പോൾ സർക്കാരിന് അധിക ബാദ്ധ്യതയുണ്ടാകുമോ, സിംഗിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡറെ നിയമിച്ചാൽ സാങ്കേതികാനുമതി തുകയായ 19,20,37,705/- രൂപയ്ക്കുള്ളിൽ പരിമിതപ്പെടുത്തി ഐ.ടി ഉപകരണങ്ങൾ സംഭരിക്കാൻ കഴിയുമോ, ടി.സി.ഐ.എൽ നെ സിങ്കിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡറായി

തെരഞ്ഞെടുത്തത് എപ്രകാരമാണ് തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തിയും. 26.04.2025 ന് ചേർന്ന എസ്.ഇ.സി യോഗ തീരുമാനത്തിൽ നിന്നും വ്യതിചലിക്കാനിടയായ സാഹചര്യം വ്യക്തമാക്കിയും കുറിപ്പ് ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതാണ് .

7.മേൽ നിർദ്ദേശത്തിൻമേൽ ദുരന്ത നിവാരണ കമ്മിഷണറിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെടുകയും 17.09.2025 തീയതിയിലെ കത്ത് പ്രകാരം ദുരന്ത നിവാരണ കമ്മിഷണർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് പ്രകാരം SEC യോഗത്തിന്റെ തീരുമാനം കണക്കിലെടുത്ത്, M/s TCIL നെ സിംഗിൾ വെണ്ടർ സൊല്യൂഷൻ ദാതാവായി പരിഗണിക്കുന്നില്ലായെന്നും പകരം PMC ആയി മാത്രമേ ഉൾപ്പെടുത്താവൂ എന്ന് നിർദ്ദേശിച്ചതിനാൽ M/s TCIL നെ സിംഗിൾ വെണ്ടർ സേവന ദാതാവായി ഉൾപ്പെടുത്താനുള്ള തീരുമാനം ഉപേക്ഷിച്ചെന്നും PMC ആയി ചുമതല ഏറ്റെടുക്കുന്നതിനുള്ള കൺസൾട്ടൻസി ചാർജ്ജുകൾ സംബന്ധിച്ച് M/s TCIL-മായി ചർച്ചകൾ നടക്കുന്നുണ്ടെന്നും ആയത് പ്രത്യേകം നൽകേണ്ടിവരുമെന്നും M/S TCIL ഇന്ത്യാ ഗവൺമെന്റിന്റെ ഒരു മിനിരത്ന കമ്പനി ആയതിനാൽ NDMA-യുടെ ഉപദേശപ്രകാരം നോമിനേഷൻ അടിസ്ഥാനത്തിൽ NCRMP II നടപ്പിലാക്കുന്നതിനായി അവരെ PMC ആയി തിരഞ്ഞെടുത്തിരുന്നുവെന്നും KSEOC-യുടെ ഫ്യൂഷൻ സെന്ററിലെ സൗകര്യങ്ങളുടെ എക്സ്റ്റൻഷൻ ആയി ASEOC-യുടെ നിലവിലെ പ്രപ്പോസൽ നടപ്പിലാക്കുന്നതിനാലാണ് ടെൻഡർ നടപടികൾ ഇല്ലാതെ M/s TCIL-നെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരെഞ്ഞെടുത്തതെന്നും കമ്മിഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു

8.ദുരന്ത നിവാരണ കമ്മിഷണർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം PMC ആയി M/s TCIL-നെ നിയമിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ സർക്കാർ തലത്തിൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതുപോലെ സിംഗിൽ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡർ ആയി M/s TCIL-നെ നിയോഗിക്കാമാണ് തീരുമാനിച്ചിട്ടുള്ളത്. രണ്ട് നിർ ദ്ദേശങ്ങളും വ്യത്യസ്തമായതിനാൽ വിഷയം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ വീണ്ടും കൊണ്ടു വന്നപ്പോൾ താഴെ പറയും പ്രകാരം ഉത്തരവായി.

*ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരം M/s TCIL-നെ ടെക്നിക്കൽ കൺസൾട്ടന്റായി Turnkey രീതിയിൽ നിയമിക്കാനുള്ള നടപടികൾ മന്ത്രിസഭയുടെ പരിഗണയ്ക്ക് സമർപ്പിക്കുക*

9.മേൽ സാഹചര്യത്തിൽ M/s TCIL-നെ ടെക്നിക്കൽ കൺസൾട്ടന്റായി Turnkey രീതിയിൽ നിയമിക്കാനുള്ള നടപടികൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

1)ഏജൻസിയുടെ തിരഞ്ഞെടുപ്പും പ്രോജക്റ്റ് പൂർത്തിയാകുന്നതുവരെ അതിന്റെ മൈക്രോ മാനേജ്മെന്റും ഉൾപ്പെടെ, സിംഗിൾ വെണ്ടർ സൊല്യൂഷൻ പ്രൊവൈഡർ എന്ന നിലയിൽ ടെക്നിക്കൽ കൺസൾട്ടന്റായി ടേൺകീ അടിസ്ഥാനത്തിൽ ASEOC പ്രോജക്റ്റ് ഏറ്റെടുക്കാൻ M/s TCIL-നെ നിയോഗിക്കാവുന്നതാണോ?

2) 1 അംഗികരിച്ചാൽ പദ്ധതിയുടെ എസ്റ്റിമേറ്റ്/പ്രൊപ്പോസൽ ടെക്നിക്കൽ ആൻഡ് പർച്ചേസ് കമ്മിറ്റിയുടെ അംഗികാരത്തിന് സമർപ്പിക്കാമോ?

3) 1 ഉം 2 ഉം അംഗികരിച്ചാൽ MoU ഒപ്പ വയ്ക്കുന്നതിന് പൊതുഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താമോ?